**No.P.7 /14**

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും വി. പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിൻ കീഴിലുള്ള

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ

**ബസ്സേലിയോസ് തോമസ് പ്രഥമൻ**

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമ്മുടെ സഹോദരന്മാരായ അഭി. മെത്രാപ്പോലീത്തന്മാർക്കും, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാർക്കും, വന്ദ്യ റമ്പാച്ചന്മാർക്കും, ബഹു. വൈദീകർക്കും, പ്രിയ ശെമ്മാശന്മാർക്കും, നമ്മുടെ എല്ലാ പള്ളികളിലെയും ബഹു.വികാരിമാരും, സഹവികാരിമാരും, കൈക്കാരന്മാരും, കമ്മറ്റിക്കാരും, ഭക്തസംഘടനാപ്രവർത്തകരും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്കും കർത്താവിൽ വാഴ്വ്.

**പ്രിയരെ,**

അന്ത്യോഖ്യായുടെയും കിഴക്കൊക്കയുടെയും പരി.പത്രോസിന്റെ ശ്ലൈഹീക സിംഹാസനത്തിലേക്ക് 123-ാമത്തെ പാത്രിയർക്കീസായി മോർ അപ്രേം കരീം മെത്രാപ്പോലീത്തായെ തിരഞ്ഞെടുത്തതായ വിവരം സന്തോഷത്തോടെ ദൈവത്തെ മഹത്വപ്പെടുത്തികൊണ്ട് നിങ്ങളെ അറിയിക്കുന്നു.

2014 മാർച്ച് മാസം 31-ാം തീയതി തിങ്കളാഴ്ച ലബനോനിലെ പാത്രിയർക്കാ അരമനയിൽ ബലഹീനനായ നമ്മുടെ അദ്ധ്യക്ഷതയിൽ ചേർന്ന പരി.സഭയുടെ ആകമാന സുന്നഹദോസിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മെത്രാപ്പോലീത്തമാർ സംബന്ധിച്ചു. ദൈവഹിതം നിറവേറ്റപ്പെട്ടു എന്ന് ഈ തെരഞ്ഞെടുപ്പിലൂടെ വീണ്ടും വ്യക്തമാക്കപ്പെടുകയുണ്ടായി. ദൈവം പരി.പിതാവിനെ വലിയ ഉത്തരവാദിത്വമാണ് ഭരമേൽപ്പിച്ചിട്ടുള്ളത്.

കാലം ചെയ്ത പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഈവാസ് പ്രഥമൻ ബാവാ തിരുമനസ്സിന്റെ കാലഘട്ടത്തിൽ ലോകമെമ്പാടും ഉള്ള സുറിയാനി സഭയ്ക്ക് കൈവന്ന വളർച്ച വളരെ വലുതാണ്. എന്നാൽ ഇനിയും ഏറെ ദൂരം സഭയ്ക്ക് മുമ്പോട്ട് പോകേണ്ടതായിട്ടുണ്ട്. പരി. സഭയെ അനുഗ്രഹകരമായി മുമ്പോട്ട് നയിക്കുവാൻ സർവ്വ ശക്തനായ ദൈവം പരി.പിതാവിനെ ശക്തീകരിക്കട്ടെ. അതിനായി നമുക്ക് പ്രാർത്ഥിക്കാം.

2014 മെയ് മാസം 29-ാം തീയതി ദമാസ്ക്കസിലെ പാത്രിയർക്കാ കത്തീഡ്രലിൽ വച്ച് പാത്രിയർക്കാ വാഴ്ച നടത്തുന്നതിനുള്ള തീരുമാനം പരി.സുന്നഹദോസ് കൈകൊണ്ടിട്ടുണ്ട്. അതിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി വിശ്വാസികൾ പ്രാർത്ഥിക്കണം. അതോടൊപ്പം കാലം ചെയ്ത പരി.പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവാ തിരുമനസ്സിനെ സ്മരിച്ചുകൊണ്ട് സഭാടിസ്ഥാനത്തിൽ 2014 ഏപ്രിൽ മാസം 6-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നതായ അനുശോചന യോഗത്തിൽ ബഹു.വൈദീകരും വിശ്വാസികളും പങ്കെടുക്കണമെന്ന് പൈതൃക വാത്സല്യത്തോടെ നാം ഓർമ്മപ്പെടുത്തുന്നു. ആയതിനു വേണ്ടുന്നതായ എല്ലാക്കാര്യങ്ങളും ബഹു. പള്ളിക്കാര്യത്തിൽനിന്നും ക്രമീകരിച്ച് കൊള്ളണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റേയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .....................

ദൈവം അനുഗ്രഹിക്കട്ടെ

പുത്തൻകുരിശ്
പാത്രിയർക്കാസെന്ററിൽ നിന്നും,
2014 ഏപ്രിൽ മാസം 2-ാം തീയതി.

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**